## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3671** — **05-08-2021 - ൽ മറുപടിയ്ക്ക്**

## അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 337 അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സൊസൈറ്റികൾ കർഷക ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ മാതൃകയിലുള്ള പ്രവർത്ത നങ്ങളാണ് അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങളുടെയും ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പ നൽകുകയും സംഘം നിയമാവലിക്കും അംഗീകരിച്ച ഉപനിബന്ധനകൾക്കും വിധേയമായി കർഷക ക്ഷേമത്തിനായി സംഘം പദ്ധതി കൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു. അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സംഘം കർഷകർക്കായി കെ.സി.സി വായ്പയും കാർഷിക ആവശ്യത്തിനായി 7 ശതമാനം പലിശ നിരക്കിൽ സ്വർണ്ണ പണയ വായ്പയും നബാർഡ് വഴി ലഭ്യ മാക്കുന്ന എസ്.എൽ.എഫ്. വായ്പയും നൽകി വരുന്നുണ്ട്. കർഷകർക്ക് കൂടും കോഴിയും പദ്ധതി, വീട്ടുമുറ്റങ്ങളിൽ ജൈവ പച്ചക്കറി കൃഷി സൗജന്യമായി നടത്തുന്നതിന് സഹായം ചെയ്യുക, കൃഷി ചെയ്യുന്ന സ്വാശ്രയ സംഘങ്ങൾക്ക് പലിശരഹിത വായ്പ നൽകുക, വിഷരഹി തമായ വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, നെൽകുത്തരി എന്നിവ ഉത്പാദിപ്പിച്ച് വിതരണം നടത്തുക, സംഘത്തിന്റെ മേൽനോട്ടത്തിൽ പച്ചക്കറി കൃഷി നടത്തി ലഭിക്കുന്ന വിളവുകൾ കുറഞ്ഞ വിലയിൽ സഹകാരികൾക്ക് വിൽപന നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വളം ഡിപ്പോ, നീതി മെഡിക്കൽസ്, കാർഷിക നേഴ്സറികൾ എന്നിവയും നടത്തുന്നു. ചില സംഘങ്ങൾ ജൈവവളം നിർമ്മിച്ച നൽകുന്ന പ്രവർത്ത നങ്ങളും അതോടൊപ്പം കന്നുകാലിഫാമും നടത്തിവരുന്നുണ്ട്. കർഷകക്ഷേമത്തി നായി ടി സംഘങ്ങൾ വിത്ത്, വളം എന്നിവ ശേഖരിച്ച് നൽകുന്നുണ്ട്. കൃഷി ഉൽപന്നങ്ങൾ സംഭരിച്ച് |

| | | | |
|---|---|---|---|
| | | | മാർക്കറ്റിംഗ് സഹകരണസംഘം വഴി വിറ്റഴിക്കുന്ന തിനുള്ള ശ്രമങ്ങൾ നടത്തുന്ന തിനോടൊപ്പം കർഷകർക്ക് കുടിൽ വ്യവസായം, ചെറുകിട വ്യവസായം എന്നിവ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ